**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2134 | 04.11.2019 ൽ മറുപടിക്ക്

**ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രം**

<table>
<tr><td colspan="2">ചോദ്യം<br><br>ശ്രീ.യു. ആർ. പ്രദീപ്</td><td colspan="3">ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി)</td></tr>
<tr><td>(എ)</td><td>തൃശ്ശൂർ ജില്ലയിലെ ദേശമംഗലം പി. എച്ച്. സി. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത് എന്നാണെന്ന് അറിയിക്കുമോ;</td><td>(എ)</td><td colspan="2">സർക്കാർ ഉത്തരവ് നം.845/2017/ആ.കു.വ. തീയതി 28.03.2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.</td></tr>
<tr><td>(ബി)</td><td>കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനുശേഷം ഏതെങ്കിലും തരത്തിലുള്ള വികസനനിർമ്മാണ പ്രവൃത്തികൾ ദേശമംഗലം ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് അവിടെ നടപ്പിലാക്കിയിട്ടുണ്ടോ;</td><td>(ബി)</td><td colspan="2">കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനുശേഷം വികസന നിർമ്മാണ പ്രവർത്തികൾക്കായി ദേശമംഗലം ഗ്രാമപഞ്ചായത്ത് ഫണ്ട് നൽകിയിട്ടില്ല. പഞ്ചായത്ത് ഒരു വർഷത്തേയ്ക്ക് ഒരു ഫാർമസിസ്റ്റിനെ നിയമിച്ചിരുന്നു.</td></tr>
<tr><td>(സി)</td><td>എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി എത്തുന്ന രോഗികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;</td><td>(സി)</td><td colspan="2">കഴിഞ്ഞ ഒരു വർഷ കാലയളവിലെ (സെപ്റ്റംബർ 2018 മുതൽ സെപ്റ്റംബർ 2019 വരെ) ശരാശരി ഒരു ദിവസത്തെ ഒ.പി.221 ആണ്</td></tr>
<tr><td rowspan="12">(ഡി)</td><td rowspan="12">ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും നഴ്സമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?</td><td rowspan="12"></td><td>ഡോക്ടർ</td><td>4</td></tr>
<tr><td>സ്റ്റാഫ് നഴ്സ്</td><td>4</td></tr>
<tr><td>ജെ.പി.എച്ച്.എൻ.</td><td>4</td></tr>
<tr><td>ജെ.എച്ച്.ഐ.</td><td>3</td></tr>
<tr><td>ഹെൽത്ത് ഇൻസ്പെക്ടർ</td><td>1</td></tr>
<tr><td>ഫാർമസിസ്റ്റ്</td><td>2</td></tr>
<tr><td>ക്ലർക്ക്</td><td>1</td></tr>
<tr><td>ഓഫീസ് അറ്റൻഡന്റ്</td><td>1</td></tr>
<tr><td>നഴ്സിംഗ് അസിസ്റ്റന്റ്</td><td>2</td></tr>
<tr><td>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2</td><td>2</td></tr>
<tr><td>ലാബ് ടെക്നീഷ്യൻ</td><td>1</td></tr>
<tr><td>എൽ.എച്ച്.ഐ.</td><td>1</td></tr>
</table>

| | | | |
|---|---|---|---|
| | | | ഒഴിവ് എൽ.എച്ച്.ഐ. 1, നഴ്സിംഗ് അസിസ്റ്റന്റ് -1<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 ജീവനക്കാരിൽ അർഹരായവർക്ക് പബ്ലിക് ഹെൽത്ത് നഴ്സ് പ്രമോഷൻ നൽകുന്നതിനായി ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ നടന്നുവരുന്നുണ്ട്.ട്രയിനിംഗ് കഴിഞ്ഞ് റിപ്പോർട്ട് ചെയ്യുന്ന തോട്ടുകൂടി ഒഴിവുകൾ നികത്താൻ കഴിയുന്നതാണ്.<br>നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവ് നികത്തുന്നതിനായി 24.09.2019 മുതൽ വരവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു നഴ്സിംഗ് അസിസ്റ്റന്റിനെ ജോലി ക്രമീകരണം വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ട് |

Hari

സെക്ഷൻ ഓഫീസർ